# Bishop Stephen Chirappanath

*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*

**DOMUS MAR THOMA**
Via degli Estensi, 137
00164 ROMA – ITALIA


ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ,

രക്ഷക തിരുപ്പിറവിക്ക് ഒരുങ്ങുന്ന ഈ മംഗളവാർത്താ കാലഘട്ടത്തിലെ ദിനങ്ങൾ പ്രതീക്ഷകളുടെയും സാക്ഷ്യത്തിന്റെയും പ്രതിജ്ഞകളുടെയും കൃപകളുടെയും അവസരങ്ങളാകട്ടെ.

രക്ഷകജനനത്തിന്റെ 2025-)0 വർഷത്തിനോടനുബന്ധിച്ചു 'പ്രത്യാശയുടെ തീർത്ഥാടനങ്ങൾ' എന്ന മുഖ്യപ്രമേയത്തോടെ ഭാഗ്യസ്മരണാർഹനായ ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ച മഹാജൂബിലിക്ക് ശേഷമുള്ള ആദ്യത്തെ സാധാരണ ജൂബിലി വർഷം അതിന്റെ സമാപനത്തോടടുക്കുകയാണ്. ക്രിസ്തുവിനെ ആഘോഷിക്കുക, സഭയെ ആഘോഷിക്കുക, നമ്മുടെ വിശ്വാസത്തെ ആഘോഷിക്കുക എന്നീ മൂന്ന് ലക്ഷ്യങ്ങളോടെ, പ്രതീക്ഷകളുടെ തീർത്ഥാടനങ്ങൾ നടത്തുന്ന നമ്മൾ, ഈ ജൂബിലി വർഷത്തിൽ പരിശുദ്ധ സിംഹാസനം നൽകിയ നിർദദ്ദേശങ്ങളുടെയും സീറോ മലബാർ അപ്പസ്തോലിക് വിസിറ്റേഷൻ ഒരുക്കിയ കർമ്മപദ്ധതികളുടെയും അടിസ്ഥാനത്തിൽ സാക്ഷ്യത്തിന്റെ ഒരു ജനതയാകാൻ ഒത്തൊരുമിച്ചു പരിശ്രമിക്കുകയായിരിന്നു. ജൂബിലി ദീപം തെളിയിച്ചും, പ്രത്യേക പ്രാർത്ഥനകൾ, ക്ലാസ്സുകൾ, കൂട്ടായ്മകൾ എന്നിവ ഒരുക്കിയും, സമ്പൂർണ്ണ ദണ്ഡവിമോചന സാധ്യതയുള്ള തീർത്ഥയാത്രകൾ നടത്തിയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ ആഴത്തിൽ അറിഞ്ഞും ഈ ജൂബിലി അനുഗ്രഹത്തിന്റെയും അനുഭവങ്ങളുടെയും ഒരു കാലഘട്ടമാക്കാൻ ദൈവകൃപയാൽ നമുക്ക് കഴിഞ്ഞു. 2024 ലെ ക്രിസ്തുമസ്സ് ദിനത്തിൽ ആരംഭിച്ച ജൂബിലി, 2026 ലെ ദനഹാ തിരുന്നാളിന് ഔപചാരികമായി സമാപിക്കുമ്പോൾ, ആഘോഷങ്ങളുടെ ഔപചാരിക സമാപനകർമ്മങ്ങൾ യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷന്റെ കീഴിലും നമുക്ക് ക്രിയാത്മകമായി നടത്തുവാൻ പരിശ്രമിക്കാം. 2025 ഡിസംബർ 28, ഞായറാഴ്ച വി. കുർബാനമദ്ധ്യേ ജൂബിലി സമാപന ശുശ്രൂക്ഷകൾക്ക് നമുക്ക് നേതൃത്വം കൊടുക്കാം. ജൂബിലി പ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന - പ്രദക്ഷിണം, വിശ്വാസ ബോധ്യങ്ങളെ ഉണർത്തുന്ന പ്രഭാഷണങ്ങൾ, മതബോധന വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക പരിശീലന ക്ലാസുകൾ, വിശ്വാസ ഐക്യം പ്രഖ്യാപിച്ചു കൊണ്ടുള്ള സമർപ്പണം എന്നിവ നടത്താവുന്നതാണ്. പ്രത്യാശയുടെ പ്രവാചകരും പ്രഘോഷകരുമായി ജീവിക്കുവാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

ഇതോടൊപ്പം തന്നെ സീറോ മലബാർ അപ്പസ്തോലിക് വിസിറ്റേഷന്റെ 10-)0 വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. കൃപകളുടെയും അനുഗ്രഹങ്ങളുടെയും അത്ഭുതങ്ങളുടെയും വളർച്ചയുടെയും സാക്ഷ്യത്തിന്റെയും ഈ പത്തു വർഷങ്ങൾക്കു ദൈവ സന്നിധിയിൽ നമ്മുക്ക് കൃതജ്ഞത അർപ്പിക്കാം. ഒരു പുതിയ കാൽവയ്പ്പിലേക്ക് നാം പ്രവേശിക്കുമ്പോൾ കൂടുതൽ സമർപ്പണത്തോടെ, ചൈതന്യത്തോടെ, ഊർജ്ജ്വസ്വലതയോടെ, ആത്മാർത്ഥതയോടെ നമ്മുടെ സഭയുടെ വിശ്വാസത്തെയും മൂല്യങ്ങളെയും പാരമ്പര്യങ്ങളെയും കാത്തുപാലിച്ച് യൂറോപ്പിന്റെ മണ്ണിൽ നമുക്ക് ക്രൈസ്തവ സാക്ഷ്യത്തിന്റെ സജീവ സാന്നിധ്യമാകാം. 2026 ജനുവരി 4 ഞായറാഴ്ച പ്രതിനിധികൾ ഒരുമിച്ച് ദീപം തെളിയിച്ച്, സമർപ്പണം നടത്തി, കൃതജ്ഞത ബലിയോടെ നമുക്ക് യൂണിറ്റുകളിൽ ക്രിയാത്മകമായി 10-)0 വർഷ ആഘോഷങ്ങൾ ആരംഭിക്കാം. വിശ്വാസ-പ്രത്യാശ-ഉപവി പുണ്യങ്ങളുടെ കരുത്തിൽ ആത്മീയ, കൗദാശിക, ആരാധനാക്രമ, ക്രൈസ്തവ മൂല്യാധിഷ്ഠിത, പരസ്നേഹ കേന്ദ്രീകൃതമായ ഒരു അജപാലന സമൂഹമായി വളരാനും വലുതാകാനും ഈ വർഷം നമുക്ക് ആകട്ടെ.

SYRO-MALABAR AP. VISITATOR EUROPE


E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. & fax: 06 4820028

# Bishop Stephen Chirappanath

*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*

**DOMUS MAR THOMA**
Via degli Estensi, 137
00164 ROMA – ITALIA


2026 നാം പ്രത്യേകമായി യുവജന വർഷമായി ആചരിക്കുകയാണ്. "സഭയുടെ ഇന്നും നാളെയുമാണ് യുവാക്കൾ" എന്ന ഫ്രാൻസിസ് പാപ്പയുടേയും ലിയോ പതിനാലാമൻ പാപ്പയുടെയും ആഹ്വാനങ്ങൾ നമുക്ക് നെഞ്ചിലേറ്റാം. 'ക്രിസ്തു ജീവിക്കുന്നു' (*Christus vivit*) എന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക പ്രബോധനത്തിൽ ഊന്നിപറയുന്ന ക്രിസ്തുവുമായി അഭേദ്യമായ ബന്ധമുള്ള, എപ്പോഴും സഭയോടു ചേർന്ന് സന്തോഷത്തിന്റെ പ്രഘോഷകരാകുന്ന ഒരു യുവത നമ്മുടെ കരുത്തും ഊർജ്ജവുമാകട്ടെ. ജനുവരി 31, വിശുദ്ധ ജോൺ ബോസ്കോയുടെ തിരുന്നാൾ ദിനം, പ്രത്യേക യുവജനദിനമായി നമുക്കു ആചരിക്കാം. അന്നേ ദിവസം യുവാക്കൾ ദിവ്യബലിക്ക് പ്രത്യേക നേതൃത്വം നൽകുന്നത് ഉചിതമാണ്. യുവാക്കൾക്കു ആരാധന, കുമ്പസാരം, സെമിനാറുകൾ, വിനോദ-തീർത്ഥ യാത്രകൾ തുടങ്ങിയവ ഈ ദിനത്തോട് അനുബന്ധിച്ച് നടത്താനായാൽ നല്ലതാണ്. നമ്മുടെ യൂണിറ്റുകളിലെ ഈ വർഷത്തെ പ്രധാന തിരുനാളുകൾ യുവാക്കളുടെ നേതൃത്വത്തിൽ യൂണിറ്റ് കമ്മിറ്റികളുടെ സഹകരണത്തോടെ വിശ്വാസികൂട്ടായ്മയുടെ കരുത്തിൽ ഏറ്റവും മനോഹരമായി ആചരിക്കാൻ നമുക്ക് ശ്രമിക്കാം. ഈ വർഷത്തെ ഒരു ഞായറാഴ്ച സ്തോത്രകാഴ്ച്ച യുവാക്കളുടെ സഭാത്മക പ്രവർത്തനങ്ങൾക്കായി നീക്കിവക്കാനായാൽ നല്ലതാണ്.

ഈ വർഷം, 'യൂത്ത് ഗ്രാൻഡ് എവേക്ക്', യുവജന ധ്യാനങ്ങൾ, യുവജന അസംബ്ലി എന്നിവ സംഘടിപ്പിക്കാനും വിജയമാക്കാനും ഏവരും ശ്രമിക്കുമല്ലോ. കമ്മ്യൂണിറ്റികളുടെ ആത്മീയ-അജപാലന-ഭരണ മേഖലകളിൽ ഉചിതമായ പ്രാതിനിധ്യം യുവാക്കൾക്ക് ഒരുക്കുമല്ലോ.

കൂട്ടായ്മയുടെയും കൃപകളുടെയും അത്ഭുതങ്ങളുടെയും ഉപവിയുടെയും ആത്മീയ-അജപാലക-സാമൂഹിക-സാംസ്കാരിക സമഗ്രവളർച്ചയുടേയും ഒരു കാലമാമായി മാറട്ടെ ഈ പത്താം വർഷം.

തിരുപ്പിറവിയുടെയും നവവത്സരത്തിൻറെയും എല്ലാ നന്മകളും ആശംസിക്കുന്നു.

പ്രാർത്ഥനകളോടെ,

+ K. Chirappanath

SYRO-MALABAR AP. VISITATOR EUROPE

**സ്റ്റീഫൻ ചിറപ്പണത്ത് പിതാവ്.**
**Rome, 13/12/2025.**


E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. & fax: 06 4820028